റിംഗ്സും അല്ല, അവരെക്കൊണ്ട് കാശുണ്ടാക്കുകയല്ല മന്ത്രിയുടെ ജോലി യെന്നും, വളരെ വ്യക്തമായി മനസ്സിലാക്കിയിട്ടുള്ളതാണ് ഞാൻ. അതു കൊണ്ട് ഒരിക്കലും നിങ്ങൾ അത്തരത്തിൽ യേപ്പെട്ടിട്ട് കാര്യമില്ല.

മേൽ പ്രസ്താവിച്ച കാര്യങ്ങൾക്കു പുറമേ മോട്ടോർ വ്യവസായത്തിന്റെ പുരോഗതിയും സാങ്കേതികമായ വളർച്ചയും മറ്റു സാഹചര്യങ്ങളും മുന്നിൽ കണ്ടുകൊണ്ട് മോട്ടോർ വ്യവസായത്തിൽ സമഗ്രമായ ഭേഗേതി നിർദ്ദേശിക്കാൻ കേന്ദ്ര സർക്കാർ വിദഗ്ദ്ധമായ ഒരു കമ്മിറ്റിയെ നിയമിച്ചിട്ടുണ്ട്. ഈ കമ്മിറ്റി അതിന്റെ എല്ലാ വശങ്ങളും ആലോചിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ സംസ്ഥാനങ്ങളിലും മോട്ടോർ വാഹന നിയമത്തിലെ ഭേഗേതി ഒരു പോലെ വരത്തക്ക വിധത്തിൽ പ്രാബല്യത്തിൽ വരുത്തുമ്പോൾ കേരളത്തിൽ മാത്രം പ്രത്യേക ഭേഗേതി വരുത്തേണ്ട ആവശ്യമില്ല. മേൽ പ്രസ്താവിച്ച സാഹചര്യത്തിൽ ഭേഗേതി ബില്ലുകൊണ്ട് സർക്കാരിന് സ്വീകാര്യമല്ല. ബഹുമാന പ്പെട്ട മെമ്പർ ഇത് പിൻവലിക്കണമെന്ന് ഞാൻ സവിനയം അഭ്യർത്ഥി ക്കുകയാണ്.

ശ്രീ. എം. വി. രാഘവൻ : അപകടങ്ങളെപ്പറ്റി പറയുമ്പോൾ വളപട്ടണ ത്തുണ്ടായ ബസ്സപകടത്തെപ്പറ്റിയും വിശദമായി പറഞ്ഞല്ലോ ? അത് ഇപ്പോൾ എന്തായി ?

ശ്രീ. എൻ. സുന്ദരൻ നാടാർ : അത് മെമ്പർ തന്നെ അന്ന് പറഞ്ഞു. ട്രാൻസ്പോർട്ട് കമ്മിഷണർ സീനിയർ മോസ്റ്റായ ഐ. എ. എസ്. ഉദ്യോഗസ്ഥനെ അതിന്റെ ചുമതല ഏൽപ്പിച്ചിരിക്കുകയാണ്. അതിൽ യാതൊരു യേപ്പാടും ഉണ്ടാകേണ്ട.

ശ്രീ. എം. വി. രാഘവൻ അവതരിപ്പിച്ച മോട്ടോർ വാഹന (കേരള ഭേഗേതി) ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സഭ വോട്ടിനിട്ട് തള്ളി ക്കളഞ്ഞു.

ബില്ലിന് അവതരണാനുമതി നിഷേധിച്ചു.

3. 1984-ലെ കേരള കെട്ടിട നിർമ്മാണത്തൊഴിലാളി ക്ഷേമനിധി ബിൽ

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഈ ബില്ലിന്റെ പ്രാധാന്യത്തെക്കുറിച്ചും ആവശ്യകതയെക്കുറിച്ചും ഇതിനുമുമ്പ് ഞാൻ സൂചിപ്പിച്ചിട്ടുള്ളതാണ്, അതിനുശേഷം ഇത്തരത്തിൽ ഒരു നിയമം കൊണ്ടുവരേണ്ടതിന്റെ ആവശ്യകത യെക്കുറിച്ച് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയത്തിന് മറുപടിയായി ഈ സഭയിൽ വീണ്ടും പറയുകയുണ്ടായി. കെട്ടിട തൊഴിൽ നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളികൾ വളരെ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു സാഹചര്യത്തിൽ ഗ്രാറ്റുവിറ്റി, പ്രോവിഡൻറ് ഫണ്ട് മറ്റു സൗകര്യങ്ങൾ ഇല്ലാത്ത തൊഴിലാളികൾക്ക് എന്തെങ്കിലും. ... ...

ശ്രീ. വി. കെ. രാജൻ : സർ, ഇവിടെ കെട്ടിട നിർമ്മാണ തൊഴിലാളികളുടെ പ്രശ്നങ്ങളാണ് പറയുന്നത്. നമ്മുടെ പ്രിയപ്പെട്ട ബാലകൃഷ്ണ പിള്ള നാലു മനോഹര സൗധങ്ങൾ പണി കഴിപ്പിച്ചു. അതിന് തൊഴിലാളികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly

യാതൊരു ആനുകൂല്യങ്ങളും കൊടുത്തിട്ടില്ല. അത് കൊടുക്കുന്നതിന് പരാതി കൊടുത്തിട്ടുള്ളതായിട്ടാണ് പറയുന്നത്. അവർക്കുകൂടി ആനുകൂല്യങ്ങളും കിട്ടത്തക്ക രീതിയിൽ ഒരു നിയമനിർമ്മാണം ഉടനടി ഉണ്ടാക്കാൻ ഗവൺമെന്റ് തയ്യാറാകുമോ ?

ശ്രീ. കാനം രാജേന്ദ്രൻ : അങ്ങനെ ആരെങ്കിലും നിർമ്മിക്കുന്ന കെട്ടിടങ്ങൾക്ക് മാത്രമല്ല ഡാമുകളും നിർമ്മിക്കുമ്പോഴും, ടണലുകളും നിർമ്മിക്കുമ്പോഴും ഒക്കെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുന്ന തൊഴിലാളികൾക്ക്.. .....

ശ്രീ. വി. സി. കബീർ : ആരെങ്കിലും നിർമ്മിച്ച കെട്ടിടത്തെക്കുറിച്ചല്ല, കേരളത്തിലെ മുൻ ഇലക്ട്രിസിറ്റി വകുപ്പുമന്ത്രിയുടെ നാല് രമ്യഹർമ്മ്യങ്ങളെക്കുറിച്ചാണ് പറഞ്ഞത്.....(ബഹളം).....

ശ്രീ. കാനം രാജേന്ദ്രൻ : നിർമ്മാണപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് അപകടം സംഭവിച്ചുകഴിഞ്ഞാൽ അവർ ഇന്നുള്ള സാമൂഹ്യ സുരക്ഷിതത്വ നടപടികളുടെ പരിധിയിൽ വരുന്നില്ല. ഇന്നലെ ഇവിടെ മറ്റൊരു നിയമം പാസാക്കി പ്രൈവറ്റ് മോട്ടോർ രംഗത്ത് പണിയെടുക്കുന്ന ഈ നിയമങ്ങളും ബാധകമല്ലാത്ത തൊഴിലാളികൾക്കുവേണ്ടി ഒരു നിയമം പാസാക്കി. അതിനുമുമ്പ് ചുമട്ടുതൊഴിലാളികൾക്കുവേണ്ടി ഒരു നിയമം പാസാക്കി. അതിനുമുമ്പ് പെത്തു തൊഴിലുമായി ബന്ധപ്പെട്ടു നിൽക്കുന്ന തൊഴിലാളികൾക്കുവേണ്ടി ഒരു നിയമമുണ്ടാക്കി. ഇങ്ങനെ സാമൂഹ്യ സുരക്ഷിതത്വ നടപടികളും ബാധകമല്ലാത്ത, ഗ്രാറ്റുവിറ്റിയും പ്രോവിഡന്റ് ഫണ്ടും മറ്റു നിയമങ്ങളുടെ പരിധിയിൽ വരാത്ത തൊഴിലാളികൾക്ക് നിരവധി നിയമനിർമ്മാണങ്ങളും നടത്തി പാരമ്പര്യമുള്ള നമ്മുടെ ഈ നിയമസഭ ഈ നിയമം അംഗീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രി ഇതിനെ സംബന്ധിച്ച് എതിർപ്പുകളൊക്കെ പറയുകയും സൂചിപ്പിക്കുകയുമൊക്കെ ചെയ്തുവെങ്കിലും അദ്ദേഹം കഴിഞ്ഞ ദിവസം ശ്രദ്ധ ക്ഷണിക്കലിൽ പറഞ്ഞ മറുപടിയുടെ അടിസ്ഥാനത്തിൽ ഈ ബില്ലിന്റെ പ്രാധാന്യം അദ്ദേഹത്തിനുതന്നെ ബോധ്യമുണ്ടെന്നു എനിക്കറിയാം. അതുകൊണ്ട് സാധാരണ ബില്ലിനെ എതിർക്കുന്നതുപോലെ അദ്ദേഹം ഈ ബില്ലിനെ എതിർക്കരുത്, അംഗീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ) : സർ, കൺസ്ട്രക്ഷൻ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി ഉണ്ടാക്കണമെന്നുള്ളത് തത്വത്തിൽ ഗവൺമെന്റ് അംഗീകരിക്കുന്ന സംഗതിയാണ്. പക്ഷെ അവരുടെ എംപ്ലോയി—എംപ്ലോയർ റിലേഷൻഷിപ്പ് നിയമവിധേയമല്ലാത്തതുകൊണ്ട് എങ്ങനെ അത് വയബിളായി ഉണ്ടാക്കാൻ കഴിയുമെന്നത് ആലോചിച്ചു വരികയാണ്. ബഹുമാനപ്പെട്ട മെമ്പർക്കറിയാവുന്നതുപോലെ ശ്രീ. മഹാബലറാവു-ചെയർമാനായിട്ടുള്ള ഒരു കമ്മിറ്റി കൂടി അതിന്റെ റിപ്പോർട്ട് ഇപ്പോഴും പഠിച്ചുകൊണ്ടിരിക്കുകയാണ്. ഏതു നിലയിലായാലും ആ റിപ്പോർട്ടിന്റെ പഠനത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഇപ്പോഴും അവതരിപ്പിച്ചിട്ടുള്ള രീതിയിലുള്ള ടാക്സേഷനും സംവിധാനവും വയബിളായിട്ടുള്ള ഒരു സ്കീം ഉണ്ടാക്കുന്നതിന് പര്യാപ്തമാണെന്ന് ഗവൺമെന്റ് കരുതുന്നില്ലാത്തതുകൊണ്ട് ഈ ബില്ലിനെ എതിർക്കാൻ ഗവൺമെന്റ് നിർബന്ധിതരായിരിക്കുന്നു എന്നുള്ളതാണ് വസ്തുത.

മി. സ്പീക്കർ : ശ്രീ. കാനം രാജേന്ദ്രൻ അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ : സർ, ഞാൻ പോകേ ആവശ്യപ്പെടുന്നു.

(താഴെ പറയും പ്രകാരം സഭ രണ്ടായി പിരിഞ്ഞ് വോട്ടെടുപ്പ് നടത്തി).

അനുകൂലിക്കുന്നവർ

1. ശ്രീ. പി. എം. അബൂബേക്കർ
2. ,, കെ. പി. അരവിന്ദാക്ഷൻ
3. ,, ടി. കെ. ആറുമുഖൻ
4. ,, ബേബി ജോൺ
5. ,, കെ. കെ. ബാലകൃഷ്ണൻ
6. ,, കോടിയേരി ബാലകൃഷ്ണൻ
7. ,, ഒ. ഭരതൻ
8. ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ
9. ശ്രീ. സി. കെ. ചക്രപാണി
10. ,, കെ. ആർ. ചന്ദ്രമോഹനൻ
11. ,, എൻ. ചന്ദ്രശേഖരക്കുറുപ്പ്
12. ,, വി. എസ് ചന്ദ്രശേഖരൻപിള്ള
13. ,, സിറിയക്ക് ജോൺ
14. ശ്രീമതി പി. ദേവൂട്ടി
15. ,, കെ. ആർ. ഗൗരി
16. ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്
17. ,, ടി. കെ. ഹംസ
18. ,, കെ. ഇ. ഇസ്മയിൽ
19. ,, ജോസ് കുറിയാനി
20. ,, ഇ. കെ. നായനാർ
21. ,, വി. സി. കബീർ
22. ,, കെ. ടി. കണാരൻ
23. ,, എം. കെ. കേശവൻ
24. ,, വി. കേശവൻ
25. ,, സി. ടി. കൃഷ്ണൻ
26. ,, കെ. കൃഷ്ണൻകുട്ടി
27. ,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
28. ,, കെ. ടി. കുമാരൻ
29. ,, പി. കുമാരൻ
30. ,, പി. വി. കുഞ്ഞിക്കണ്ണൻ
31. ,, ലോനപ്പൻ നമ്പാടൻ
32. ,, ഇ. ടി. മുഹമ്മദ് ബഷീർ
33. ,, കെ. മൂസ്സക്കുട്ടി
34. ,, എ. കെ. പത്മനാഭൻ
35. ,, ഇ. പത്മനാഭൻ
36. ,, കെ. പങ്കജാക്ഷൻ
37. ,, ടി. പി. പീതാംബരൻ മാസ്റ്റർ
38. ,, കെ.പി. പ്രഭാകരൻ
39. ,, കെ. പുരുഷോത്തമൻ
40. ,, വർക്കല രാധാകൃഷ്ണൻ
41. ,, എം. വി. രാഘവൻ
42. ,, വി. കെ. രാജൻ
43. ,, കാനം രാജേന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

44. ശ്രീ. കെ. ശങ്കരനാരായണപിള്ള
45. ,, എ. കെ. ശശീന്ദ്രൻ
46. ,, എ. സി. ഷൺമുഖദാസ്
47. ,, ഡോക്ടർ എ. സുബ്ബറാവു
48. ,, എ. വി. താമരാക്ഷൻ
49. ,, സി. കെ. തങ്കപ്പൻ
50. ,, വി. ജെ. തങ്കപ്പൻ
51. ,, എസ്. ആർ. തങ്കരാജ്
52. ,, പി. സി. തോമസ് (കടുത്തുരുത്തി)
53. ,, ആർ. എസ്. ഉണ്ണി
54. ,, ജി. വരദൻ
55. ,, സി. വാസുദേവമേനോൻ
56. ,, പി. വിജയദാസ്

പ്രതികൂലിക്കുന്നവർ

1. ശ്രീ. ഇ. അഹമ്മദ്
2. ,, സി. ടി. അഹമ്മദ് അലി
3. ,, കെ. അവുക്കാദർ കുട്ടിനഹ
4. ,, തെന്നല ജി. ബാലകൃഷ്ണ പിള്ള
5. ,, പി. കെ. കെ. ബാവ
6. ,, യു. എ. ബീരാൻ
7. ,, വി. ദിനകരൻ
8. ,, എം. പി. ഗംഗാധരൻ
9. ,, എ. ജോർജ്
10. ,, പി. സി. ജോർജ്
11. ,, കെ. എം. ഹംസക്കുഞ്ഞ്
12. ,, എം. എം. ഹസ്സൻ
13. ,, എം. പി. എം. ഇസ്ഹാക്ക് കുരുക്കൾ
14. ,, എ. എൽ. ജേക്കബ്
15. ,, റ്റി. എം. ജേക്കബ്
16. ,, സി. ജി. ജനാർദ്ദനൻ
17. ,, റ്റി. എസ്. ജോൺ
18. ഡോക്ടർ കെ. സി. ജോസഫ്
19. ,, വി. വി. ജോസഫ്
20. ശ്രീമതി എം. കമലം
21. ശ്രീ. കെ. ജി. ആർ. കർത്താ
22. ,, ജി. കാർത്തികേയൻ
23. ,, കെ. കരുണാകരൻ
24. ,, പി. കെ. കുഞ്ഞാലിക്കുട്ടി
25. ,, മണിമംഗലത്തു കുട്ട്യാലി
26. ,, ഇ. ജെ. ലൂക്കോസ്
27. ,, കെ. പി. എ. മജീദ്
28. ,, കെ. എം. മാണി
29. ,, എം. വി. മാണി
30. ,, ടി. എച്ച്. മുസ്തഫ
31. ,, കെ. പി. നൂറുദ്ദീൻ
32. ,, ഉമ്മൻചാണ്ടി

LIBRARY ARCHIVES Kerala Legislative Assembly

33 ശ്രീ. കെ. രാഘവൻ മാസ്റ്റർ
34. ,, കെ. കെ. രാമചന്ദ്രൻ മാസ്റ്റർ
35. ,, കെ. പി. രാമചന്ദ്രൻ നായർ
36 ,, എസ്. രാമചന്ദ്രൻ പിള്ള
37. ,, തേറമ്പിൽ രാമകൃഷ്ണൻ
38. ,, രമേശ് ചെന്നിത്തല
39. ,, പി. സീതിഹാജി
40. ,, സിദ്ധാർത്ഥൻ കാട്ടുങ്ങൽ
41. ,, കടവൂർ ശിവദാസൻ
42. ,, കെ. കെ. ശ്രീനിവാസൻ
43. ,, എൻ. ശ്രീനിവാസൻ
44. ,, പന്തളം സുധാകരൻ
45. ,, കോട്ടക്കുഴി സുകുമാരൻ
46. ,, സി. എം. സുന്തരം
47. ,, എൻ. സുന്ദരൻ നാടാർ
48. ,, പി. സുരേന്ദ്രൻ പിള്ള
49. ,, പി. പി. തങ്കച്ചൻ
50. ,, സി. എഫ്. തോമസ്
51. ,, തോമസ് കല്ലംപള്ളി
52. ,, പി. കെ. വേലായുധൻ
53. ,, എൻ. ശക്തൻ നാടാർ

അനുകൂലിക്കുന്നവർ – 56
പ്രതികൂലിക്കുന്നവർ—53
നിഷ്പക്ഷർ—ആരുമില്ല.

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച 1984-ലെ കേരള കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു. ബില്ലിന് അവതരണാനുമതി നൽകിയതായി പ്രഖ്യാപിക്കപ്പെട്ടു.

(4) 1984-ലെ കേരള വിദ്യാഭ്യാസ (ഭേദഗതി) ബിൽ

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : 1958-ലെ വിദ്യാഭ്യാസ ആക്ടിനുള്ള ഒരു ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. ഏതായാലും ഇവിടെ ബില്ലുകൾക്ക് അവതരണാനുമതി കിട്ടുകയില്ലായെന്ന ഒരു ധാരണ ഉണ്ടായിരുന്നു. ഇന്ന് ഇവിടെ നടന്ന വോട്ടെടുപ്പോടുകൂടി ആ ധാരണ അസ്ഥാനത്തായി. സ്വകാര്യ വിദ്യാഭ്യാസ മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കരുതെന്നുള്ളതാണ് എന്റെ ഭേദഗതിയുടെ ഉള്ളടക്കം. സ്കൂൾ മാനേജുമെന്റുകൾ നടത്തുന്ന അഴിമതി നിരോധിക്കണമെന്നുള്ളതാണ് ഞാൻ ഈ ബില്ലു കൊണ്ട് ഉദ്ദേശിക്കുന്നത്. നമ്മുടെ വിദ്യാഭ്യാസ മേഖല ഇന്ന് അഴിമതിയിൽ മുങ്ങിക്കിടക്കുകയാണ്. ഇന്ന് സ്വകാര്യ വിദ്യാഭ്യാസ മേഖല കൈയടക്കി വച്ചിരിക്കുന്ന സ്ഥാപിത താൽപ്പര്യക്കാർ സ്കൂൾ പ്രവേശനത്തിനും അദ്ധ്യാപക നിയമനങ്ങൾക്കും കോഴ വാങ്ങുന്നു. കേരളാ പ്ലാനിംഗ് ബോർഡിന്റെ ഹൈലെവൽ കമ്മിറ്റി ഗവൺമെന്റിന് സമർപ്പിച്ച ശുപാർശകളിൽ സ്വകാര്യ മേഖലയിൽ പുതിയ സ്കൂളുകൾ അനുവദിക്കരുതെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് പല പരിഷ്കാരങ്ങളും വരുത്തുന്ന നമ്മുടെ ഗവൺമെന്റ് ആ റിപ്പോർട്ട് കണ്ടില്ലെന്നു നടിക്കുകയാണ്

LIBRARY ARCHIVES Kerala Legislative Assembly